# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. അവസര തുല്യത, പങ്കാളിത്തം, ഗുണനിലവാരം മാനവികത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കൊണ്ടുള്ള പ്രവർത്തന പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായകമായ ഭൗതിക പരിസരവും സാമൂഹ്യതലവും ലക്ഷ്യമിടേണ്ടതുണ്ട്. ഇതിനായി ബഹുജന കൂട്ടായ്മ വളർന്നു വരേണ്ടതുണ്ട്. കുട്ടിയുടെ കഴിവ് കേവലം വിശയപഠനത്തിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ കൈവരിക്കേണ്ടതുണ്ട്. സാധ്യമായ വിധത്തിൽ പൊതു സമൂഹത്തെയും നാട്ടിലുള്ള കൂട്ടായ്മകളെയും വിദ്യാലയവുമായി ബന്ധിപ്പിക്കണം.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നരവൂർ എസ്.എൽ.പി.സ്കൂളിലെ ഒന്നാം ക്ലാസ് ഒന്നാന്തരമായിട്ടുണ്ട്. പിയടി.എ സ്കൂൾ വികസന സമിതി, മാനേജർ എന്നിവരുടെ സഹായത്തോടെ ചുമരിൽ ആകർഷകമായ ചിത്രങ്ങൾ വരച്ച് ഭംഗിയാക്കിയിട്ടുണ്ട്. തറ ടൈൽ പാകി,ഫാൻ ക്ലാസ് ലൈബ്രറിക്കായി അലമാരയും സ്ഥാപിച്ചു. വെയിൽ, മഴ ഇവ കൊള്ളാതെ അസംബ്ലി നടത്തുന്നതിനും കളിക്കുന്നതിനുമായി മുറ്റത്തിനു മുകളിലായി മെറ്റൽ ഷീറ്റ് ഇട്ടു. കെ.ജി ക്ലാസിൽ മികച്ച ഫർണ്ണിച്ചർ സൗകര്യമൊരുക്കി.

## ചരിത്രം

കൂത്തുപറമ്പ് നഗരസഭയിലെ നരവൂർ പ്രദേശത്ത് കൂത്തുപറമ്പ് മൂര്യാട് റോഡിന്റെ വലതു വശത്തായി നരവൂർ എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നു. 1928 ൽ സ്ഥാപിതമായി വരയത്തിൽ എന്ന സ്ഥലത്താണ് ആദ്യം വിദ്യാലയം പ്രവർത്തനം ആരംഭിച്ചതെങ്കിലും പിന്നീട് ഇപ്പോൾ ഉള്ള സ്ഥലത്ത് വിദ്യാലയം മാറ്റി സ്ഥാപിച്ചു. ആദ്യം ഓല മേഞ്ഞ ഷെഡ് ആയിരുന്നെങ്കിലും പിന്നീട് കല്ലുകൊണ്ടുള്ള കെട്ടിടം പണി കഴിപ്പിച്ചു. ആദ്യത്തെ മാനേജർ ശ്രീ എം.പി കുഞ്ഞപ്പ മാസ്റ്റർ ആയിരുന്നു. ഇപ്പോഴത്തെ മാനേജർ ശ്രീമതി എം.കെ പത്മിനി ടീച്ചർ ആണ്.

പ്രീ.കെ.ഇ.ആർ പ്രകാരമുള്ള ഒരു ഹാളും ക്ലാസ്സ് മുറിയും വരാന്തയും മുറ്റവും കൂടാതെ, പ്രീപ്രൈമറിക്കായി ഒരു ക്ലാസ്സ് മുറിയും ഉണ്ട്. കുട്ടികൾക്ക് കളിക്കാനായി കളിസ്ഥമില്ല. സ്കൂളിൽ ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. പ്രീപ്രൈമറി ക്ലാസ്സും ഉണ്ട്. സ്കൂളിൽ 5 അധ്യാപകരും പ്രീപ്രൈമറിയിൽ 2 അധ്യാപികമാരും ഉണ്ട്. 2025-26 വർഷത്തിൽ സ്കൂളിൽ 25 കുട്ടികളും പ്രീപ്രൈമറിയിൽ 19 കുട്ടികളും ഉണ്ട്. പൊതുവെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമാണെങ്കിലും പി.ടി.എ, എം.പി.ടി.എ, വികസന സമിതി എന്നിവരുടെ പിന്തുണയും സഹകരണവും വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്ക് മുതൽ കൂട്ടായി ഉണ്ട്.

## അക്കാദമികം

വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്ത അധ്യാപകരാണ് സ്കൂളിലുള്ളത്. (മലയാളത്തിളക്കം, ശ്രദ്ധ, ഹലോ ഇംഗ്ലീഷ്, ക്ലസ്റ്റർ പരിശീലനം, അവധികാല പരിശീലനം, ഐ.ടി കോഴ്സ്, ശില്പശാലകൾ) നിരന്ത വിലയിരുത്തൽ നടത്തി കുട്ടികളുടെ പഠന നിലവാരം പരിശോധിക്കുകയും ആവശ്യമായ ബോധന തന്ത്രങ്ങൾ ആവഷ്ക്കരിക്കുകയും ചെയ്ത് വരുന്നു. ക്ലാസ്സ് പി.ടി.എ, യോഗങ്ങളിൽ കുട്ടികളുടെ പഠന നിലവാരം ചർച്ച ചെയ്യാറുണ്ട്. രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തും.

എല്ലാ പഠിതാക്കളും ടീച്ചറുമാരും, സഹപാഠികളുമായും ഇടപഴകി കൊണ്ട് ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലും ചർച്ചകളിലും സജീവമായി പങ്കെടുക്കാനുള്ള അവസരം ഒരുക്കും.

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഗണിച്ച് മുൻ നിരയിൽ എത്തിക്കുക, കവിതകൾ, ഈണം, ഭാവം താളം നിലനിർത്തി ഹൃദ്യസ്ഥമാക്കുന്നതിനും, വായനാശീലം വളർത്തുന്നതിനും, ഗണിത പഠനം രസകരമാക്കുന്നതിനും ആകർഷകമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ, ശാസ്ത്രത്തിൽ താല്പര്യം ജനിപ്പിക്കൽ, ഇംഗ്ലീഷ് ഭാഷ എഴുതാനും, വായിക്കാനും സംസാരിക്കാനുമുള്ള ശേഷി ഉറപ്പിക്കൽ, ആരോഗ്യ കായിക വിദ്യാഭ്യാസം പ്രസക്തി തിരിച്ചറിയൽ, വിവര സാങ്കേതിക വിദ്യയെപ്പറ്റി ജ്ഞാനമുണ്ടാക്കൽ, അറബി ഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ, കുട്ടികളുടെ സർഗാത്മക വികസനത്തിനായുള്ള പ്രവർത്തനങ്ങൾ ഒരുക്കൽ, പ്രവൃത്തി പരിചയ വേളകളിൽ കുട്ടികൾക്ക് വേണ്ടുന്ന പിന്തുണ നൽകാനും, സാമൂഹ്യ മൂല്യങ്ങളെ കുറിച്ചും കടമകളെകുറിച്ചും കുട്ടികളെ ബോധവാന്മാരാക്കാനുള്ള പ്രവർത്തനങ്ങൾ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

## ഭീഷണി

അൺഎയ്ഡഡ് വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ പ്രവേശനം അവിടുത്തെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിൽ സമൂഹത്തിന്റെ സൂക്ഷമതയില്ലായ്മ മാറിയ വിദ്യാലയ സാഹചര്യങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിലെ വീഴ്ച.

## സമൂഹവുമായുള്ള ബന്ധം

പി.ടി.എ, എസ്.എസ്.ജി പൂർവ്വ വിദ്യാർത്ഥി സംഘടന അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രദേശ വാസികൾ, സന്നദ്ധസംഘടനകൾ, വിദ്യാലയ വികസന സമിതി തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ പങ്കാളിത്തം വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ നിർണായകമായ പങ്കു വഹിക്കുന്നു. ഈ കമ്മിറ്റികൾ വിദ്യാലയത്തിനാവശ്യമായ പിന്തുണയും സഹായകവുമായ നിർദ്ദേശങ്ങളും നൽകി വരുന്നു. തുടർന്നും ഇവരുടെ സഹായസഹകരണങ്ങൾ ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

## ലക്ഷ്യങ്ങൾ

### ഭൗതികം

സ്കൂൾ അങ്കണത്തിലൊരു പൂന്തോട്ടം, പച്ചക്കറിത്തോട്ടം, കുട്ടികൾക്ക് കളിസ്ഥലം ഒരുക്കികൊടുക്കൽ എന്നിവ ഉദ്ദേശിക്കുന്നു.

## വിഷയം മേഖലാ - മലയാളം

### ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എന്നതാണ് നമ്മുടെ ലക്ഷ്യം. മാതൃഭാഷ തെറ്റില്ലാതെ എഴുതാനും വായിക്കാനും മുഴുവൻ കുട്ടികൾക്കും കഴിയണം എന്ന ലക്ഷ്യത്തോടെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഭാഷാ പഠനത്തിൽ കവിതകൾക്കുള്ള സ്ഥാനം വളരെ വലുതാണ്. ഈണം, ഭാവം,താളം എന്നിവ നിലനിർത്ത് കവിതകൾ അവതരിപ്പിക്കുമ്പോൾ ഭാഷാ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് താല്പര്യം വർദ്ധിക്കുന്നു. കൂടാതെ ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.

# വിഷയ മേഖല - മലയാളം

| ലക്ഷ്യങ്ങൾ | ക്ലാസ്സ് | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 2-4 | പ്രീടെസ്റ്റ് | പ്രീടെസ്റ്റ് നടത്തുന്നു. കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. പരിഹാര പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ | ക്ലാസ്സ് ടീച്ചർ | 500/- |
| | 1 | | • കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ.<br>• ചിത്രം നോക്കി ആശയം പറയുക.<br>• അക്ഷര കാർഡുകൾ നൽകൽ.<br>• ആഭരണങ്ങൾ ചാർത്താം (ചിഹ്നങ്ങൾ)<br>• പദചാർട്ട് നിർമ്മാണം.<br>• പദങ്ങൾ ക്രമപ്പെടുത്തി എഴുതൽ.<br>• പദചങ്ങല തയ്യാറാക്കൽ<br>• ലഘുവാക്യ നിർമ്മാണം.<br>• അടിക്കുറിപ്പ് എഴുതൽ<br>• ചിത്രം നോക്കി കഥ പറയൽ. | ജൂലായ് - മാർച്ച് | ക്ലാസ്സ് ടീച്ചർ | 500/- |
| | 2-3 | വാക്യ നിർമ്മാണം<br>അനുഭവങ്ങൾ പങ്കുവെക്കൽ | • പദചാർട്ടുകൾ നൽകി വാക്യങ്ങൾ നിർമ്മിക്കൽ.<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട് കുട്ടികൾക്കുണ്ടായ അനുഭവങ്ങൾ പറയാനുള്ള ക്ലാസ്സ് അന്തരീക്ഷം ഒരുക്കൽ.<br>• അനുഭവ വിവരണം | ജൂലായ് - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | | വിവരണം<br>തയ്യാറാക്കാം<br>സ്കിറ്റ് അവതരണം<br>ചിത്രചാർട്ട്<br>കഥ എഴുതാം<br>പതിപ്പ് നിർമ്മാണം<br>കുറിപ്പ് തയ്യാറാക്കൽ<br>ദൃക്സാക്ഷി വിവരണം<br>വരികൾ കൂട്ടി ചേർക്കാം | തയ്യാറാക്കൽ.<br>• കേട്ടതും വായിച്ചറിഞ്ഞതുമായ കഥകളുടെ ദൃശ്യാവിഷ്കാരം നടത്തൽ<br>• ഐ.സി.ടി. ഉപയോഗിച്ച് ചിത്രകഥകൾ വായിച്ചവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു.<br>• ചിത്ര ചാർട്ടുകളിൽ നിന്ന് കഥ എഴുതുന്നു.<br>• എഴുതിയ കഥകൾ ചേർത്ത് പതിപ്പ് നിർമ്മിക്കുന്നു.<br>• വസ്തുതകൾ നിരീക്ഷിച്ച് സവിശേഷതകൾ പറയുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.<br>• വിവിധ നാടൻ കളികൾ നിരീക്ഷിച്ച് വിവരണം തയ്യാറാക്കൽ.<br>• കവിതകൾക്കനുയോജ്യമായ താള ഭംഗിയോടു കൂടി വരികൾ കൂട്ടി ചേർക്കുന്നു. | ജൂലായ് - മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | 4 | അനുഭവ വിവരണം<br>കവി പരിചയം | • അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ, വിവരണം തയ്യാറാക്കൽ.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട കവികളെയും അവരുടെ കൃതികളെയും. | ജൂലായ് - മാർച്ച് | ക്ലാസ്സ് ടീച്ചർ | 500/- |

| | | | | | | |
|---|---|---|---|---|---|---|
| ഈണം, ഭാവം, താളം നിലനിർത്തി കവിതകൾ ഹൃദസ്ഥമാക്കുന്നതിനും ചെല്ലുന്നതിനുമുള്ള പ്രയാസം | 1 - 4 | ജീവചരിത്രകുറിപ്പ്<br><br>മഹാന്മാരുടെ ജീവിതവഴികളിലൂടെ<br><br>കവിത പരിശീലനക്കളരി | • ഐ.സി.ടി. സാധ്യത ഉപയോഗിച്ച് പരിചയപ്പെടുന്നു.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട വ്യക്തികളുടെ ജീവചരിത്രം വായിക്കാനും അവരെ കുറിച്ച് കൂടുതൽ അറിയാനുമുള്ള അവസരം ഒരുക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. പതിപ്പ് തയ്യാറാക്കുന്നു.<br>• മഹാന്മാരെ കുറിച്ച് സ്കൂൾ അസംബ്ലി, ബാലസഭ എന്നിവകളിൽ പ്രസംഗിക്കാനുള്ള അവസരം ലഭിക്കുന്നു.<br>• കവിത ആലപിക്കുന്നതിനായി പ്രത്യേക പരിശീലനക്കളരി സംഘടിപ്പിക്കുന്നു.<br>• സി.ഡി. ഉപയോഗിച്ച് കവിതകൾ കേൾക്കാൻ.<br>• ബാലസഭ, വിവിധ മേളകളിൽ കവിതകൾ അവതരിപ്പിക്കാൻ കഴിയുന്നു. | ജൂലായ് - മാർച്ച്<br><br>ഒക്ടോബർ | ക്ലാസ്സ് ടീച്ചർ<br><br>പി.ടി.എ | 1000/- |

## വിഷയ മേഖല - മലയാളം

# കുട്ടികളിൽ വായനാ ശീലം വളർത്തുന്നതിന്

## ആമുഖം

ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ ശക്തമായ സാന്നിധ്യം കാരണം വായന കുറഞ്ഞ് വരുന്നു എന്ന ബോധ്യത്തിൽ നിന്ന് നമ്മുടെ പുതിയ തലമുറയിൽ വായനാ ശീലം വളർത്തിയെടുക്കുകയാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായനയിലൂടെ ഭാവന വളർത്തുക. വൈവിധ്യമാർന്ന സാഹിത്യ ശാഖകളിലൂടെ സഞ്ചരിക്കുന്നതിനും സർഗാത്മക രചന നടത്തുന്നതിനും, സാഹിത്യകാരൻമാർ അവരുടെ കൃതികൾ പരിചയപ്പെടാനും, പൊതു വിജ്ഞാനം വളർത്തുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

## വിഷയ മേഖല - മലയാളം

| ലക്ഷ്യങ്ങൾ | ക്ലാസ്സ് | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| വായനാശീലം വളർത്തുക | 1-4 | വായനാ കാർഡ് നിർമ്മാണം | വ്യത്യസ്ത ക്ലാസ്സുകളിലേക്ക് അനുയോജ്യമായ വായനാ കാർഡ് നിർമാണത്തിനായി ശില്പശാല സംഘടിപ്പിക്കുന്നു. (തുടർ വായനയ്ക്ക്) | ആഗസ്ത് | SRG PTA | PTA |
| | | ഗൃഹസന്ദർശനം | വീടുകൾ സന്ദർശിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു | ജനുവരി - മാർച്ച് | SRG PTA | |
| | | ക്ലാസ്സ് ലൈബ്രറി | ലൈബ്രറി പുസ്തകങ്ങൾ ഓരോ ക്ലാസ്സിനും യോജിക്കുന്ന രീതിയിൽ തരംതിരിക്കുന്നു. | മാർച്ച് | | PTA സ്പോൺസർഷിപ്പ് |
| | | സ്കൂൾ ലൈബ്രറി | ക്ലാസ്സ് ലൈബ്രറിക്ക് ആവശ്യമായ ഷെൽഫുകൾ സംഘടിപ്പിച്ച് അതാതു ക്ലാസ്സുകളിൽ സജ്ജീകരിക്കുന്നു. | | PTA | |
| | | പുസ്തക വിതരണം | പുസ്തക വിതരണം ചെയ്യാൻ അതാതു ക്ലാസ്സിലെ കുട്ടികളെ ഏൽപ്പിക്കുന്നു. | ജൂൺ - മാർച്ച് | SRG | |
| | | പുസ്തക ചർച്ച വായനാ കുറിപ്പ് തയ്യാറാക്കൽ. പതിപ്പ് നിർമ്മാണം | വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാ കുറിപ്പ് തയ്യാറാക്കൽ, ഇവ ചേർത്ത് പതിപ്പ് തയ്യാറാക്കൽ. | ജൂൺ - മാർച്ച് | SRG | |

| | | | | | | |
|---|---|---|---|---|---|---|
| | | പത്രവായന | പത്രങ്ങളിലെ വാർത്തകൾ അസംബ്ലിയിലും ക്ലാസ്സിലും അവതരിപ്പിക്കൽ | | | |
| | | ലൈബ്രറി സന്ദർശനം | സ്കൂളിന്റെ പരിസരത്തുള്ള ലൈബ്രറി സന്ദർശിച്ച് കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടൽ. | ജൂൺ | PTA | |
| | | പത്രവാർത്ത ക്വിസ് | പത്ര വാർത്തകളെ അടിസ്ഥാനമാക്കി നിശ്ചിത കാലയളവിൽ ക്വിസ് സംഘടിപ്പിക്കുന്നു. | - മാർച്ച് | SRG | |
| | | സർഗാത്മക രചന | കുട്ടികൾക്കായി സർഗാത്മക രചനകൾ നടത്തുന്ന വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു. | | PTA SRG | PTA |
| | | കൊറിയോഗ്രാഫി | കഥ, കവിത, നാടകം, തുടങ്ങിയവ കൊറിയോഗ്രാഫി നടത്തുന്നതിനായി ശില്പശാല സംഘടിപ്പിക്കുന്നു. | | PTA SRG | |
| | | അമ്മ വായന | അമ്മമാർ കുട്ടികളെ വിളിച്ചിരുത്തി പുസ്തകങ്ങൾ വായിക്കൽ | | PTA | PTA |

## വിഷയം - ശാസ്ത്രപഠനം

എല്ലാതരം വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാനമാണ് വിദ്യാഭ്യാസം. സമൂഹത്തിന്റെ യഥാർത്ഥ ആവശ്യങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ചു കണ്ടെത്തുകയും അവ നിറവേറ്റാൻ ഉതകുന്ന വിദ്യാഭ്യാസം നൽകുകയും ചെയ്താലെ വിദ്യാഭ്യാസം ഫല പ്രദമാകൂ. ശാസ്ത്രീയ മനോഭാവവും അന്വേഷണ ശീലവും വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

# വിഷയ മേഖല - പരിസരപഠനം

| ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രപഠനം ലളിതമാക്കൽ | 1-4 | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ കണ്ടെത്തൽ, ക്ലാസ്സിൽ പരീക്ഷണങ്ങൾ അവതരിപ്പിക്കൽ, പരീക്ഷണ സാമഗ്രികളുടെ ശേഖരണം, കുട്ടികൾക്ക് പരീക്ഷണം ചെയ്യാനുള്ള അവസരമൊരുക്കൽ | 1 വർഷം | അധ്യാപകർ | 5000/- |
| കുട്ടികളിൽ ശാസ്ത്ര ചരിത്രബോധം ഉണ്ടാക്കുന്നതിന് വിവിധ ദിനാചരണങ്ങൾ | | ദിനാചരണവുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ സംഘടിപ്പിക്കൽ, ദിനാചരണ പതിപ്പ് നിർമ്മാണം, ചുമർ പത്രിക, മഹാന്മാരുടെ കട്ടൗട്ട് നിർമ്മാണം | | | |
| സമൂഹത്തെപ്പറ്റിയും ചുറ്റുപാടുകളെ കുറിച്ചും ബോധവാന്മാരാക്കുക. | | ഫീൽഡ് ട്രിപ്പ്, സർവെ, അഭിമുഖം, റിസോഴ്സ് പേഴ്സന്റെ ക്ലാസ്സുകൾ | ആഗസ്ത് - സെപ്തംബർ | HM SRG | PTA |
| ജലം അമൂല്യമാണെന്ന ധാരണ കുട്ടികളിൽ എത്തിക്കുന്നു. | 1-4 | ജലസംരക്ഷണവുമായി ബന്ധപ്പെട്ട പ്രദർശനം, ബോധവത്കരണ പരിപാടികൾ, ജലസംരക്ഷണവു മായി ബന്ധപ്പെട്ട വിവിധ നിശ്ചല ദൃശ്യങ്ങൾ ക്ലാസ്സുകൾ. | 1 വർഷം | PTA, Resource Teacher SRG | |
| കുട്ടികളെ വിവരസാങ്കേതിക വിദ്യയെപറ്റി ജ്ഞാനമുണ്ടാക്കുക | 1-4 | ഇ-വായനയെ പ്രോത്സാഹിപ്പിക്കൽ, വിജ്ഞാന പ്രദമായ കാര്യങ്ങൾ സിഡിയിൽ കൂടി പ്രദർശിപ്പിക്കുക. പുതിയ വിവരങ്ങൾ ശേഖരിക്കൽ (ഇന്റർ നെറ്റ് വഴി) | 1 വർഷം | അധ്യാപകർ | |

## വിഷയ മേഖല - ഗണിതം

ഗണിത ക്ലാസ്സുകളിലെ വിരസത ഇല്ലാതാക്കാനും ഗണിതം ലളിതമാക്കാനും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻ നിരയിൽ എത്തിക്കാനുമാണ് ഈ പ്രോജക്ട് തെരഞ്ഞെടുത്തത്. നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം വലുതാണ്. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് എത്തി നോക്കാനും അറിവുകൾ സായത്തമാക്കാനുമുള്ള അവസരം കുട്ടികൾക്ക് ഉണ്ടാവണം. ഗണിതത്തിന്റെ ഭംഗിയും രസവും പ്രായോഗികതയും അറിഞ്ഞ് പ്രവർത്തിക്കാനുമാണ് സ്കൂളിൽ ഗണിത ശാസ്ത്ര ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത്. പഠന പ്രവർത്തന രീതിയിലുള്ള മാറ്റങ്ങൾ അനുഭവങ്ങൾ എന്നിവ പിന്നോക്കകാരായ കുട്ടികൾക്ക് വിഷയത്തോടുള്ള ആഭിമുഖ്യം വളർത്താനും സഹായകരമാവും.

# വിഷയ മേഖല - ഗണിതം

| ലക്ഷ്യങ്ങൾ | ക്ലാസ്സ് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഒന്നു മുതൽ നാല് വരെയുള്ള കുട്ടികളിൽ സംഖ്യാ ബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, സംഖ്യാ വ്യാഖ്യാനം | 1-4 | ▪ സംഖ്യ കിറ്റുകൾ<br>▪ അബാക്കസ്<br>▪ കളിനോട്ടുകൾ<br>▪ സ്ഥാന വില പോക്കറ്റ് | 1 വർഷം | അധ്യാപകർ | 1200/- |
| ഗണിത പഠനം രസകരവും ലളിതവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ | 1-4 | ▪ മനക്കണക്ക്<br>▪ ഗണിത പാട്ടുകൾ<br>▪ പാറ്റേണുകൾ<br>▪ ഗണിത കഥകൾ<br>▪ ഗണിത ശാസ്ത്രജ്ഞൻമാരെ കുറിച്ചുള്ള അറിവ്<br>▪ സംഖ്യാ ചിത്രങ്ങൾ<br>▪ ഗണിത രൂപങ്ങൾ<br>▪ പഠനോപകരണ നിർമ്മാണ ശില്പശാല | 1 വർഷം | അധ്യാപകർ | 1500/- |
| ഗണിത ക്രിയകളിൽ പിന്നോക്കം നിൽക്കുന്നവർക്കായി ഗണിതം മധുരം പദ്ധതി | 1-4 | ▪ SRG യിൽ പ്രീ-ടെസ്റ്റിന്റെ ചോദ്യങ്ങൾ തയ്യാറാക്കൽ<br>▪ പ്രീ-ടെസ്റ്റ് മൂല്യ നിർണയം<br>▪ പിന്നോക്കക്കാരെ കണ്ടെത്തൽ. ആഴ്ചയിൽ 3 മണിക്കൂർ പ്രത്യേക പരിശീലനം<br>▪ വർക്ക് ഷീറ്റ് തയ്യാറാക്കൽ<br>▪ പോസ്റ്റ് ടെസ്റ്റ് (മാസാവസാനം<br>▪ | ജൂൺ<br>ജൂലൈ - ജനുവരി | അധ്യാപകർ | 750/- |

# LEARNING OF ENGLISH

PREFACE: English in India today is a symbol of pupils aspirations for quality in education and fuller participation in national and International life. English is the language empowers our people in the present contest.

English enjoys a status which no other language has. It is a language of trade, commerce, higher education and science. Besides it has a felt impact on the internet and social media. The demand of the public for English compelled the authorities to introduce English from Class I on wards in schools of Kerala. In spite all these proficiency in English remains a distant dream to most learners. But there have been positive changes in the profile of English class room in Kerala. Co care should be taken to assure that learners achieve the learning outcomes prescribed in the curriculum. Before they proceed to the next level a flat form should be developed to the make the teaching learning process of the English effective. We have to provide our learners ample opportunity to use the language effectively.

# വിഷയ മേഖല - ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | ക്ലാസ്സ് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പ്രൈമറി ക്ലാസ്സ് കഴിയുമ്പോഴേക്കും മുഴുവൻ കുട്ടികളെയും ഇംഗ്ലീഷ് ഭാഷ ഒഴുക്കോടെ സംസാരിക്കാനും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | 1-4 | ▪ ഇംഗ്ലീഷ് ക്ലബ് രൂപീകരണം<br>▪ ഇംഗ്ലീഷ് അസംബ്ലി<br>▪ ഇൻറാക്ഷന് കൂടുതൽ പ്രാധാന്യമുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ<br>▪ ഇംഗ്ലീഷ് തീയേറ്റർ ഒരുക്കുക.<br>▪ ഇംഗ്ലീഷ് ഫെസ്റ്റ്<br>▪ ഇംഗ്ലീഷ് ഡേ<br>▪ പത്രം വായന ഇംഗ്ലീഷ്<br>▪ വൊക്കാബുലറി ബുക്ക്<br>▪ കളികൾ, വസ്തുക്കളുടെ പേരുകൾ-ഇവ ഇംഗ്ലീഷിൽ<br>▪ ലാഗ്വേജ് ഗേയിമ്സ്, പസ്സിൽസ്, റിഡിൽസ്, എന്നിവ നിർമ്മിക്കാനും അവതരിപ്പിക്കാനുമുള്ള അവസരം<br>▪ ഒഴിവു ദിനങ്ങളിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്<br>▪ ഇംഗ്ലീഷ് ഡയറി | ജൂൺ ആഴ്ചയിൽ ।<br>വർഷം ।<br>ജൂൺ മാർച്ച്<br>ജൂൺ മാർച്ച് ആഴ്ചയിൽ ।<br>ദിവസവും | ഇംഗ്ലീഷ് ക്ലബ്<br>അധ്യാപകർ<br>SSG PTA<br>അധ്യാപകർ | 2000 /- |
| ഇംഗ്ലീഷ് ഭാഷയിൽ സ്വന്തമായി സർഗാത്മക രചനകൾ നടത്തുന്നതിന് | | ▪ ലാഗ്വേജ് ലാബ് ഒരുക്കൽ<br>▪ ഇംഗ്ലീഷിലുള്ള ഓഡിയോ, വീഡിയോ എന്നിവ കാണുന്നതിനും കേൾക്കുന്നതിനും അവസരം ഒരുക്കുക.<br>▪ ചെറിയ ക്ലാസ്സിൽ തന്നെ ഇംഗ്ലീഷിൽ പ്രഭാഷണം നടത്തുന്നതിന്<br>▪ വായനാ മത്സരം സംഘടിപ്പിക്കൽ<br>▪ ഒരോ ക്ലാസിന്റെയും നിലവാരത്തിലുള്ള ഇംഗ്ലീഷ് കഥാ പുസ്തകങ്ങൾ, മാഗ | മാസത്തിൽ<br>മാസ | HM English teacher<br>HM English | 1000 |

| | | | | | |
|---|---|---|---|---|---|
| | | സിനുകൾ, എന്നിവ ശേഖരിച്ച് വിതരണം ചെയ്യുക.<br>▪ പാഠഭാഗങ്ങൾ സ്കിറ്റ് രൂപത്തിൽ അവതരിപ്പിക്കുക. | ത്തിൽ | teacher | /- |
| ഇംഗ്ലീഷ് പഠനത്തിന് ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തുക | | ▪ കാർട്ടൂൺ പ്രദർശനം<br>▪ Word game<br>▪ Language game<br>▪ Digital Library | ജൂൺ മാർച്ച് | English teacher | |
| പിന്നോക്കക്കാരെ പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക. | | ▪ റീഡിംഗ് കാർഡ് നൽകൽ<br>▪ Story Book<br>▪ English Cartoon<br>▪ Stampit<br>▪ Games<br>▪ Puzzles & Riddles | ജൂൺ മാർച്ച് | English teacher | |

## വിഷയ മേഖല - അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കാനുള്ള പ്രത്യേക പരിപാടി | അറബിക് മധുരം പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കം നിൽകുന്ന കുട്ടികളെ കണ്ടെത്തുക<br>▪ അക്ഷരം തിരിച്ചറിയാൻ കമ്പ്യൂട്ടർ പെയിൻറിൽ അക്ഷരങ്ങൾക്ക് നിറം നൽകുക.<br>▪ ഭാഷാ കേളികൾ<br>▪ രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ്സ്<br>▪ അറബിക് - എക്സിബിഷൻ (ഭാഷാ ചരിത്രം, വികാസം, ഭാഷാ സൗന്ദര്യം, അറബി കാലിഗ്രഫി) | ജൂൺ മാർച്ച് | അറബിക് അധ്യാപകർ | |
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | Language Lab smart class room<br>▪ ചിത്രീകരണങ്ങൾ<br>▪ ആനിമേഷൻ<br>▪ ഡോക്യുമെന്റി പ്രദർശനം | ജൂൺ മാർച്ച് | Class Teacher | |
| കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന പഠന നേട്ടങ്ങൾ കുട്ടികളിൽ ഉറപ്പു വരുത്തുക. വായനയിലൂടെയും, എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസുകളിൽ ഒരുക്കുക. | ▪ വായനാ മത്സരം<br>▪ വായനാ കുറിപ്പുകൾ<br>▪ പതിപ്പ് നിർമ്മാണം.<br>▪ സംഭാഷണ മത്സരങ്ങൾ | | Class Teacher | |

| | | | | |
|---|---|---|---|---|
| | | | | |
| ഭാഷാ പഠനത്തിൽ ഐ.ടി. സാധ്യത പ്ര യോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവുണ്ടാക്കുക. | ▪ അറബിക് കീ ബോർഡ് പഠിക്കൽ.<br>▪ ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ പഠിക്കൽ<br>▪ ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി. ഉണ്ടാക്കാൻ പരിചയപ്പെ ടുക. | ജൂൺ മാർച്ച് | Class Teacher | |

## വിഷയ മേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

### ആമുഖം

ആരോഗ്യമുള്ള മനസ്സും ആരോഗ്യമുള്ള ശരീരവും ഉണ്ടായാൽ മാത്രമേ ഏതൊരു വ്യക്തിക്കും ജീവിത വിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ. കുട്ടികൾക്ക് മികച്ച രീതിയിലുള്ള വിദ്യാഭ്യാസ നേടുന്നതിനോടൊപ്പം അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഹെൽത്ത് ക്ലബ്, സ്പോർട്സ് ക്ലബ്, പരിസ്ഥിതി ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി കുട്ടികളെയും രക്ഷിതാക്കളെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ ഈ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

## വിഷയ മേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | ക്ലാസ്സ് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയ്ക്ക് ആരോഗ്യപരിപാലനത്തിനുള്ള ലക്ഷ്യം ബോധ്യപ്പെടൽ | 1–4 | SRG, PTA, സംയുക്ത യോഗം വിളിച്ചു ചേർക്കൽ പരിപാടി ആസൂത്രണം ചെയ്യൽ. മഴക്കാല രോഗങ്ങൾ ബോധവത്കരണ ക്ലാസ്സ് പേപ്പർ ബാഗ് നിർമ്മാണം പച്ചക്കറി തോട്ടം (ബാഗുകളിൽ) ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം നിക്ഷേപിക്കാനുള്ള പരശീലനം നൽകൽ | ജൂൺ സെപ്തംബർ 1 വർഷം | പി.ടി.എ ഹെൽത്ത് സെന്ററിലെ ഉദ്യോഗസ്ഥർ അധ്യാപകർ | |
| ആരോഗ്യ കായിക വിദ്യാഭ്യാസം കുട്ടികളിൽ | 1–4 | സൗജന്യ ദന്ത പരിശോധന, ക്യാമ്പ്, (ഹൽത്ത് സെന്ററിന്റെ സഹായത്തോടെ മാസ് ഡ്രിൽ, സൈക്കിംലിംഗ് പരിശീലനം) | | | |

## വിഷയ മേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | ക്ലാസ്സ് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയ്ക്ക് ആരോഗ്യപരിപാലനത്തിനുള്ള ലക്ഷ്യം ബോധ്യപ്പെടൽ | 1-4 | SRG, PTA, സംയുക്ത യോഗം വിളിച്ചു ചേർക്കൽ പരിപാടി ആസൂത്രണം ചെയ്യൽ. മഴക്കാല രോഗങ്ങൾ ബോധവത്കരണ ക്ലാസ്സ് പേപ്പർ ബാഗ് നിർമ്മാണം പച്ചക്കറി തോട്ടം (ബാഗുകളിൽ) ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം നിക്ഷേപിക്കാനുള്ള പരശീലനം നൽകൽ | ജൂൺ സെപ്തംബർ ! വർഷം | പി.ടി.എ ഹെൽത്ത് സെന്ററിലെ ഉദ്യോഗസ്ഥർ അധ്യാപകർ | |
| ആരോഗ്യ കായിക വിദ്യാഭ്യാസം കുട്ടികളിൽ | 1-4 | സൗജന്യ ദന്ത പരിശോധന, ക്യാമ്പ്, (ഹൽത്ത് സെന്ററിന്റെ സഹായത്തോടെ മാസ് ഡ്രിൽ, സൈക്കിംലിംഗ് പരിശീലനം) | | | |